# കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ (INTUC)

H.O.S വരദരാജൻ നായർ സ്മാരക മന്ദിരം,മാഞ്ഞാലിക്കുളം റോഡ്,തമ്പാനൂർ,തിരുവനന്തപുരം
**Ph: 0471- 2333640**

**സർക്കുലർ നമ്പർ: 12/2026**

# സംസ്ഥാന ഭാരവാഹികളുടെ യോഗ തീരുമാനങ്ങൾ

സുഹൃത്തേ,

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയന്റെ സംസ്ഥാന ഭാരവാഹികളുടെ യോഗം 24/09/2026 വ്യാഴാഴ്ച്ച രാവിലെ 10 മണിക്ക് യൂണിയൻ HO യിൽ വച്ച് യൂണിയൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ.ഡി.അജയകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ജനറൽ സെക്രട്ടറി ശ്രീ.എം.വിൻസെന്റ് MLAയും മറ്റു സംസ്ഥാന ഭാരവാഹികളും യോഗത്തിൽ പങ്കെടുത്തു.

യൂണിയന്റെ സംസ്ഥാന സമ്മേളന നടത്തിപ്പ്, നിലവിലെ കെ.എസ്. ആർ.ടി.സിയിലെ അവസ്ഥയും തൊഴിലാളികൾ നേരിടുന്ന വിഷയങ്ങൾ, ശബരിമല സീസൺ അടുത്തുവരുന്ന സാഹചര്യത്തിൽ ബസ്സുകളുടേയും ജീവനക്കാരുടേയും കുറവ് പരിഹരിക്കേണ്ടത്, ജീവനക്കാർക്ക് ഡ്യൂട്ടി സറണ്ടർ അതാതു ദിവസം തന്നെ അവരുടെ കൈകളിൽ ലഭ്യമാക്കേണ്ടത്, മെക്കാനിക്കൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ജോലി സമയം പുന:ക്രമീകരിക്കൽ, ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ, കളക്ഷൻ കുറവിന്റെ പേരിൽ വെട്ടിക്കുറച്ച ഡ്യൂട്ടികൾ പുന:സ്ഥാപിക്കൽ, പ്രീമിയം സൂപ്പർഫാസ്റ്റ് സാധാ സൂപ്പർഫാസ്റ്റാക്കി മാറ്റി ഡ്യൂട്ടികൾ പുന:സ്ഥാപിക്കുക തുടങ്ങിയ വിഷയങ്ങൾ യോഗം വിശദമായി ചർച്ച ചെയ്തു.

## യോഗതീരുമാനങ്ങൾ

1. യൂണിയന്റെ 71–ാം വാർഷികസമ്മേളനം ഒക്ടോബർ മാസം അവസാനം തിരുവനന്തപുരത്തു വച്ച് രണ്ട് ദിവസങ്ങളിലായി നടത്താൻ തീരുമാനിച്ചു. സമ്മേളനത്തിൽ മുഖ്യമന്ത്രി, ഗതാഗതമന്ത്രി, മറ്റു മന്ത്രിമാർ, ജനപ്രതി നിധികൾ, വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവർ പങ്കെടുക്കുന്ന താണ്. പ്രകടനം, പൊതുസമ്മേളനം, സെമിനാർ, സ്റ്റേറ്റ് എക്സിക്യൂട്ടീവ്, കലാപരിപാടികൾ, പ്രതിനിധിസമ്മേളനം തുടങ്ങിയവ സമ്മേളനത്തിന്റെ ഭാഗമായിരിക്കും.
2. സംസ്ഥാന സമ്മേളന ചിലവുകളിലേക്കായി യൂണിയൻ അംഗങ്ങളിൽ നിന്നും ആയിരം രൂപ വീതവും മറ്റു ജീവനക്കാരിൽ നിന്നും അഞ്ഞൂറു രൂപ, ഇരുന്നൂറു രൂപാ ഇനത്തിൽ പിരിച്ചെടുക്കേണ്ടതാണ്. കൂപ്പൺ സെപ്തംബർ മാസത്തെ ശമ്പളതീയതിക്കു മുമ്പ് യൂണിറ്റുകളിൽ എത്തിക്കുന്നതാണ്.

   ഫണ്ട് പിരിച്ച ശേഷം പിരിച്ച തുക, ബാക്കി കൂപ്പൺ (ഉണ്ടെങ്കിൽ) ഇവ ഒക്ടോബർ 15 ന മുമ്പ് HO യിൽ എത്തിക്കേണ്ടതാണ്. കൂടുതൽ കൂപ്പണു കൾ ആവശ്യമുള്ള പക്ഷം യൂണിയൻ HO യിൽ ഓഫീസ് സെക്രട്ടറിയെ ബന്ധപ്പെടേണ്ടതാണ്.
3. സംസ്ഥാന സമ്മേളനത്തിനു മുന്നോടിയായുള്ള സ്വാഗതസംഘം രൂപീ കരണവും ഓഫീസ് ഉദ്ഘാടനവും 2026 സെപ്തംബർ മാസം 30–ാം തീയതി ബുധനാഴ്ച്ച ഉച്ചയ്ക്ക് 3 മണിക്ക് HO യിൽ വച്ച് നടത്തപ്പെടുകയാണ്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ സംസ്ഥാന, ജില്ലാ, യൂണിറ്റ് ഭാരവാഹികൾ നിർബന്ധമായും, മറ്റു പ്രവർത്തകരും ഈ പരിപാടിയിൽ സംബന്ധിക്കേണ്ടതാണ്.

4. സമ്മേളനത്തിനു മുന്നോടിയായുള്ള ശക്തിപ്രകടനത്തിലും പൊതുസമ്മേളനത്തിലും മുഴുവൻ പ്രവർത്തകരേയും പങ്കെടുപ്പിക്കാൻ യൂണിറ്റ്/ജില്ലാ ഭാരവാഹികൾ പ്രവർത്തനം തുടങ്ങേണ്ടതാണ്.
5. കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് അർഹതപ്പെട്ട ഡി.എ കുടിശ്ശിക, ജീവനക്കാരുടെ IB, ഡ്യൂട്ടി സറണ്ടർ, ബദലി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുവാനും ഒറ്റത്തവണയായി വിതരണം ചെയ്യുവാനും നടപടി സ്വീകരിക്കൽ, പിരിച്ചുവിട്ട ബദലി അസിസ്റ്റന്റുമാരെ ജോലിയിൽ പുന: പ്രവേശിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കൽ, ജീവനക്കാർക്ക് അർഹതപ്പെട്ട അലവൻസുകൾ (ഷൂ അലവൻസ്, യൂണിഫോം അലവൻസ്, മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ നൈറ്റ് അലവൻസ്, ഡ്യൂട്ടി സറണ്ടർ) ലഭ്യമാക്കാൻ നടപടി, അർഹതപ്പെട്ട മുഴുവൻ യൂണിയൻ അംഗങ്ങൾക്കും ട്രാൻസ്ഫർ അനുവദിക്കൽ, 16 ഡ്യൂട്ടി തികയാത്തതിന്റെ പേരിൽ തടഞ്ഞു വച്ച ശമ്പളം ലഭ്യമാക്കൽ, സർവ്വീസ് ഓപ്പറേഷന് ജീവനക്കാരുടെ കുറവ് പരിഹരിക്കൽ, സ്പെയർ പാർട്ട്സ്, ടയർ എന്നിവയുടെ കുറവ് പരിഹരിക്കാൻ നടപടി, വാർഷിക ഇൻക്രിമെന്റ്/ഗ്രേഡ് പ്രമോഷന് 190 ഡ്യൂട്ടി നിബന്ധനയിൽ ഇളവ്, മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ പഴയ ഡ്യൂട്ടി പാറ്റേൺ പുന:സ്ഥാപിക്കൽ, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം പുന:ക്രമീകരിക്കൽ, മഴക്കാലത്ത് ഗ്യാരേജുകളുടെ ശോച്യാവസ്ഥ പരിഹരിക്കണം, ശബരിമല സീസണിൽ കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് കൂടി പ്രയോജനകരമായ രീതിയിൽ ക്യാന്റീൻ ആരംഭിക്കുക തുടങ്ങിയ വിഷയങ്ങൾ സംസ്ഥാന ഭാരവാഹികൾ CMD യുടേയും വകുപ്പ് മന്ത്രിയുടേയും ശ്രദ്ധയിൽ കൊണ്ടുവരുവാനും ഈ വിഷയങ്ങൾക്ക് അടിയന്തിരമായി പരിഹാരം കണ്ടെത്താൻ വേണ്ട നടപടി സ്വീകരിക്കാനും സംസ്ഥാന ഭാരവാഹിയോഗം തീരുമാനിച്ചു. ഇതിന്റെ മേൽനോട്ട ചുമതല വർക്കിംഗ് പ്രസിഡന്റ് ശ്രീ.ഡി.അജയകുമാർ നിർവ്വഹിക്കേണ്ടതാണ്.
6. കളക്ഷൻ കുറവിന്റെ പേരിൽ വെട്ടിക്കുറച്ച ഡ്യൂട്ടികൾ ഡബിൾ ഡ്യൂട്ടിയായി പുന:സ്ഥാപിക്കുവാനും പ്രീമിയം സൂപ്പർഫാസ്റ്റ് ബസ്സുകളുടെ വെട്ടിക്കുറച്ച സ്റ്റോപ്പുകളും ഡ്യൂട്ടികളും പുന:സ്ഥാപിക്കാനും വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും സംസ്ഥാന ഭാരവാഹികളായ സിജി.പി.എസ് (INSP), രാജേഷ്.എ.എൻ, ലാൽ.എം.വി, എസ്.കെ.മണി, ബിജു ജോൺ എന്നിവരെ സംസ്ഥാന ഭാരവാഹിയോഗം ചുമതലപ്പെടുത്തി.
7. ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിക്കുമ്പോൾ ഡ്രൈവർമാർ കുറ്റക്കാരല്ല എങ്കിലും അവരെ പ്രതിയാക്കുകയും ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്ന പ്രവണത കൂടിവരുന്നു. ഇതു തടയാൻ യൂണിയൻ മുൻകൈ എടുക്കും.
8. പമ്പാ ഡ്യൂട്ടിക്ക് പോകുന്ന ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസ് തുക അയ്യായിരം രൂപയാക്കി വർദ്ധിപ്പിക്കാനും അർഹതപ്പെട്ട സ്പെഷ്യൽ അലവൻസ് അനുവദിപ്പിക്കുവാനും വേണ്ട നടപടി സ്വീകരിക്കണം.
9. സോഷ്യൽ മീഡിയയിൽ സംസ്ഥാന /ജില്ലാ /യൂണിറ്റ് ഭാരവാഹികൾ പുലർത്തേണ്ട അച്ചടക്കം ലംഘിക്കുന്ന പക്ഷം വിശദീകരണം ചോദിക്കാതെ അച്ചടക്കനടപടി എടുക്കുവാൻ യോഗം ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. സംഘടനയുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ /

സംസ്ഥാന ഭാരവാഹികളെ / ജനറൽ സെക്രട്ടറിയെ നേരിട്ട് അറിയിച്ച് പരിഹാരം കാണാൻ ശ്രമിക്കണം. ടി വിഷയങ്ങൾ സോഷ്യൽ മീഡിയ യിൽ ഒരു കാരണവശാലും പോസ്റ്റ് ചെയരുത്. അച്ചടക്ക നടപടി ഉണ്ടാകും.

വാർഷികസമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിനായി യൂണിയന്റെ പ്രസിഡന്റ് ചെയർമാനായും, ജനറൽ സെക്രട്ടറി കൺവീനറായും ചീഫ് കോ–ഓർഡിനേറ്ററായി വർക്കിംഗ് പ്രസിഡന്റ് ശ്രീ.ഡി.അജയകുമാറിനേയും സംഘാടകസമിതി ഫുൾടൈം ട്രഷറർ ആയി ശ്രീ.വി.ജി.ജയകുമാരിയേയും യോഗം ചുമതലപ്പെടുത്തി.

## വിവിധ കമ്മിറ്റി ചെയർമാൻ/കൺവീനർ

**പബ്ലിസിറ്റി-**
1.എസ്.കെ.മണി
2.അലിയാർ.എം.ഐ
3.ആർ.ജി.ശ്രീകുമാർ

**ഫുഡ് കമ്മറ്റി-**
1.എസ്.ജി.രാജേഷ്
2.പ്രദീപ്കുമാർ.എസ്
3.രാജേഷ്.എ.എൻ(കണ്ണൂർ)
4.സിജി.പി.എസ്

**വോളന്റിയർ-**
1.ലാൽ.എം.വി
2.നൗഷാദ്.ടി.കെ
3.സുഷകുമാർ.പി.ആർ

**റിസപ്ഷൻ & പ്രോഗ്രാം കമ്മിറ്റി -**
ഡി.അജയകുമാർ(ചെയർമാൻ)
1.ദീപു ശിവപ്രസാദ്
2.ബിജു ജോൺ
3.മനോജ് ലാകയിൽ

**അക്കോമഡേഷൻ കമ്മിറ്റി -**
1.ഷിബു.എസ്
2.സന്തോഷ്.പി
3.സിജി ജോസഫ്
4.ഷൗക്കത്തലി.എം

ഈ കമ്മിറ്റികൾ 30.09.2026 ന മുമ്പ് പൂർണ്ണമായും ഉൾക്കൊള്ളിക്കേണ്ട അംഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിക്കേണ്ടതും, 30.09.2026 ന് ആദ്യയോഗം കൂടേണ്ടതുമാണ്.

സംസ്ഥാന സമ്മേളന തീയതി, പ്രതിനിധി സമ്മേളനത്തിൽ പങ്കെടുക്കേണ്ട ഡെലിഗേറ്റുകളുടെ എണ്ണം ഇവ തുടർ സർക്കുലറിൽ അറിയിക്കുന്നതാണ്.

തിരുവനന്തപുരം
25.09.2026

എം.വിൻസെന്റ് MLA
ജനറൽസെക്രട്ടറി